(സി) അംഗൻവാടി കെട്ടിടങ്ങളുടെ പുതുക്കിയ നിരക്കിലുള്ള വാടക താഴെപ്പറയും പ്രകാരമാണ് :

	നിലവിലുള്ള നിരക്ക്	പുതുക്കിയ നിരക്ക്
റൂറൽ/ട്രൈബൽ	200 രൂപ	750 രൂപ
അർബൻ	750 രൂപ	3,000 രൂപ

ഐ.സി.ഡി.എസ്. മിഷൻ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം പുതുക്കിയ വാടക നിരക്കുകൾ ലഭ്യമാക്കണമെങ്കിൽ അങ്കണവാടികൾക്ക് 500 മുതൽ 600 ചതുരശ്ര അടി വിസ്തീർണ്ണം ഉണ്ടായിരിക്കണം. ആയതിനാൽ ടി മാനദണ്ഡങ്ങൾ പാലിക്കുന്ന അംഗൻവാടികളുടെ വിവരങ്ങൾ ശേഖരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നിലവിൽ കുടിശ്ശിക ഉണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

കുടിശ്ശികയുള്ള അംഗൻവാടികളുടെ എണ്ണം		തുക
തിരുവനന്തപുരം	1386	13,06,800 രൂപ
കൊല്ലം	52	2,27,150 രൂപ
പാലക്കാട്	5 പ്രോജക്ടുകൾ	1,13,200 രൂപ

അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി

26 (*296) ശ്രീ. എ. പ്രദീപ് കുമാർ :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നഗരപ്രദേശങ്ങളിൽ തൊഴിലുറപ്പ് പദ്ധതി വ്യാപിപ്പിക്കുന്നതിനോടുള്ള നയം വ്യക്തമാക്കാമോ ; ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ;

(ബി) അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി സംബന്ധിച്ച വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; നാളിതുവരെ ഈ പദ്ധതിക്ക് അനുവദിച്ച ഫണ്ടിനെ സംബന്ധിച്ച കണക്ക് ലഭ്യമാണോ ;

(സി) പദ്ധതി നടപ്പാക്കുന്നതിന് കോർപ്പറേഷനുകൾക്കും മുനിസിപ്പാലിറ്റികൾക്കും ആവശ്യമായ ഫണ്ട് ലഭ്യമാക്കിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പദ്ധതി നടത്തിപ്പിൽ പോരായ്മകൾ തിരുത്താൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) :

(എ) മഹാത്മാഗാന്ധി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ മാതൃകയിൽ നഗരപ്രദേശങ്ങളിൽ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി വിപുലമായി നടപ്പാക്കുവാനുള്ള നടപടികൾ നഗരകാര്യ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്. ഈ പദ്ധതി പ്രകാരം നഗരസഭകൾ നൽകുന്ന ലേബർ ബഡ്ജറ്റ് പ്രകാരം തുക കൃത്യമായി അനുവദിച്ച് നൽകുന്നുണ്ട്. പദ്ധതിയുടെ നടത്തിപ്പിനായി എൻ.ഐ.സി.-യുടെ സഹായത്തോടെ മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുകയും അതുവഴി പദ്ധതി നടത്തിപ്പ് കാര്യക്ഷമമാക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച പരിശീലനം രണ്ട് ഘട്ടങ്ങളിലായി നൽകിയിട്ടുണ്ട്. അയ്യങ്കാളി പദ്ധതിക്ക് വേണ്ടി മാത്രമായി നഗരസഭകളിൽ ഒരു ഓവർസിയർ, ഒരു ഡാറ്റാ എൻട്രി ഓപ്പറേറ്റർ എന്നിവരെ നിയമിക്കാൻ അനുവാദം നൽകിയിട്ടുണ്ട്. പദ്ധതി സംബന്ധിച്ച് സംസ്ഥാനതല കമ്മിറ്റി വിലയിരുത്തുകയും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുവേണ്ടി 2015-16-ലെ സംസ്ഥാന ബഡ്ജറ്റിൽ 15 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി രൂപീകരിച്ചിട്ടുള്ള സംസ്ഥാന കൗൺസിൽ യോഗങ്ങളിൽ പദ്ധതി അവലോകനം നടത്താറുണ്ട്. കൂടാതെ എല്ലാ മാസവും നഗരകാര്യ വകുപ്പിലെ മേഖലാ ജോയിന്റ് ഡയറക്ടർമാരുടെ നേതൃത്വത്തിൽ നടക്കുന്ന പ്ലാൻ റിവ്യൂ മീറ്റിംഗിലും പദ്ധതി പുരോഗതി സംബന്ധിച്ച വിലയിരുത്തൽ നടത്തുന്നുണ്ട്. നാളിതുവരെ ടി പദ്ധതിക്കായി 14,57,03,011 രൂപ നഗരസഭകൾക്ക് അനുവദിച്ചിട്ടുണ്ട്.

(സി) ഡി.പി.സി. അംഗീകരിച്ച ലേബർ ബഡ്ജറ്റിലെ തുകയുടെ 25% അല്ലെങ്കിൽ 50,00,000/ 1 കോടി (കോർപ്പറേഷൻ) രൂപയാണ് ആദ്യ ഗഡുവായി അനുവദിക്കുന്നത്. ഇങ്ങനെ അനുവദിച്ച തുകയുടെ 60% ചെലവഴിച്ചു കഴിഞ്ഞാൽ രണ്ടാംഗഡുവായി ചെലവഴിച്ച തുകയും അനുവദിക്കുന്നു. അയ്യങ്കാളി നഗരതൊഴിലുറപ്പ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി പ്രവൃത്തി പൂർത്തിയാക്കുന്ന നഗരസഭകൾക്കാണ് രണ്ടാം ഗഡു അനുവദിച്ചിട്ടുള്ളത്. എന്നാൽ യഥാസമയം ലേബർ ബഡ്ജറ്റ് തയ്യാറാക്കി അംഗീകാരം വാങ്ങാൻ സാധിക്കാതിരുന്ന നഗരസഭകൾക്ക് ഫണ്ട് അനുവദിക്കുന്നതിന് തടസ്സമുണ്ടായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) അയ്യങ്കാളി നഗർതൊഴിലുറപ്പ് പദ്ധതിയുടെ സുഗമമായ നടത്തിപ്പിനായി ടി പദ്ധതിയുടെ പ്രവർത്തന മാർഗ്ഗ നിർദ്ദേശങ്ങൾ 18-7-2013-ലെ 1900/13/ത.സ്വ.ഭ.വ. നമ്പർ ഉത്തരവ് പ്രകാരം പരിഷ്കരിച്ചിട്ടുള്ളതാണ്. കൂടാതെ ടി പദ്ധതിയുടെ നടത്തിപ്പിനായി ഒരു മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം, (എം.ഐ.എസ്.) നടപ്പിലാക്കിയിട്ടുണ്ട്.

എൻ.ആർ.ഐ.കമ്മീഷൻ

27 (*297) ഡോ. എൻ. ജയരാജ് :
ശ്രീ. എം. വി. ശ്രേയാംസ് കുമാർ :
ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രവാസികളുടെ നിയമ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് എൻ.ആർ.ഐ. കമ്മീഷൻ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദമാക്കുമോ ;

(ബി) പ്രസ്തുത കമ്മീഷന്റെ ഘടനരേഖ തയ്യാറാക്കിയിട്ടുണ്ടോ ; വിശദമാക്കുമോ ;

(സി) പ്രവാസികൾക്ക് എന്തെല്ലാം സേവനങ്ങളാണ് ഈ കമ്മീഷനിലൂടെ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ. സി. ജോസഫ്) :

(എ) 2015 ജനുവരി 16, 17 തീയതികളിൽ കൊച്ചിയിൽ നടന്ന അഗോള പ്രവാസി മലയാളി സംഗമം കേരളത്തിലെ പ്രവാസി മലയാളികളുടെ സ്വത്തുക്കളും മറ്റ് സ്വകാര്യ ആസ്തികളും സംബന്ധിച്ച പരാതികൾ കൈകാര്യം ചെയ്യുന്നതിനായി അർദ്ധ നീതിന്യായ അധികാരങ്ങളോടുകൂടിയ ഒരു പ്രവാസി കേരളീയ കമ്മീഷൻ സ്ഥാപിക്കുന്നതിന് ശിപാർശ ചെയ്തിരുന്നു.

(ബി&സി) ഈ ശിപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

നികുതി ഇളവ്

28 (*298) ശ്രീ. ജെയിംസ് മാത്യു :
ശ്രീ. എ. കെ. ബാലൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ പിരിക്കുന്ന ഏതെങ്കിലും നികുതിയിൽ ഇളവ് വരുത്തുകയോ, നിർത്തലാക്കുകയോ ചെയ്തിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

LIBRARY ARCHIVES Kerala Legislative Assembly